**പതിനഞ്ചാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 ആഗസ്റ്റ് 9, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

5 (*31) സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സ്റ്റാർട്ടപ്പ് രംഗത്ത് മികച്ച പുരോഗതി കൈവരിക്കാനും തൊഴിലവസരങ്ങളിലും മൂലധനത്തിലും വൻവർദ്ധനവുണ്ടാക്കാൻ സാധിച്ചുവെന്നും മറ്റ് മേഖലകളിലേയ്ക്കുകൂടി സ്റ്റാർട്ടപ്പുകൾ വ്യാപിപ്പിക്കാനാണ് ശ്രമിക്കുന്നതെന്നും സഭയെ അറിയിച്ചു. പരിസ്ഥിതി സൗഹൃദമായതും പ്രാദേശികമായി ആവർത്തിച്ച് ഉപയോഗിക്കാവുന്നതുമായ സാധനസാമഗ്രികൾ, നിർമ്മാണരീതികൾ, സാങ്കേതികവിദ്യകൾ, ആട്ടോമേഷൻ എന്നിവയിലൂടെ ഗുണനിലവാരമുള്ളതും ചെലവ് കുറഞ്ഞതുമായ

നിർമ്മാണ പ്രവർത്തനങ്ങൾ വേഗതയിൽ നിർവ്വഹിക്കുന്നതിന് നിർമ്മാണ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രാപ്തമാക്കുന്നതിനാണ് കൺസ്ട്രക്ഷൻ ഇന്നവേഷൻ ഹബ്ബ് രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്നും ഇതിനായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി ലോഞ്ച് പാഡ് പദ്ധതിയുടെ ഭാഗമായി ആദ്യത്തെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രം ദുബായിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; തുടർ സാദ്ധ്യതകൾ മനസ്സിലാക്കി കൂടുതൽ രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. വിദേശത്തെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങളിൽ പ്ലഗ് ആൻഡ് പ്ലേ സംവിധാനം ഏർപ്പെടുത്തുമെന്നും ഉൽപ്പന്ന രൂപീകരണം, വികസനം എന്നീ മേഖലകളിൽ ഇൻകുബേഷൻ സഹായം ലഭ്യമാക്കുമെന്നും കേരളം ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പുകളുമായും സ്റ്റാർട്ടപ്പ് മിഷനുമായും സഹകരിച്ച് സംരംഭക മേഖലയിലേക്ക് കടന്നുവരാനും കേരളത്തിലെ ഏഞ്ചൽ നിക്ഷേപക ശൃംഖലയിൽ ചേർന്ന് പ്രവർത്തിക്കാനും സ്റ്റാർട്ടപ്പ് മിഷന്റെ ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയിൽ പങ്കാളികളാകാനും പ്രവാസികൾക്ക് സാധിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങളും ഫലങ്ങളും അവലോകനം ചെയ്യുന്ന 'സ്റ്റേറ്റ് ഓഫ് കേരള സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം റിപ്പോർട്ട്' പുറത്തിറക്കുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളെ തൊഴിൽദാതാക്കളാക്കാൻ സ്റ്റാർട്ടപ്പുകൾക്ക് സാധിച്ചിട്ടുണ്ടെന്നും ഐ.ടി. മേഖലയിൽ പുതിയ കമ്പനികളെ കൊണ്ടുവരുന്നതിന് ശ്രമിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

6 (*32) <u>സ്വകാര്യ വ്യവസായ പാർക്കുകൾ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും നൂറോളം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ ഓപ്പറേഷണൽ ഗൈഡ്‌ലൈൻ രൂപീകരിക്കുകയും വെബ്-പോർട്ടൽ മുഖേന ലഭിച്ച 51 അപേക്ഷകളിൽ 21 എണ്ണത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും 8 സംരംഭകർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി 139000-ലധികം സംരംഭങ്ങൾ ആരംഭിക്കുകയും തൊഴിലിടം സ്ത്രീസൗഹൃദമാക്കുകയും ചെയ്തിട്ടുണ്ടെന്നും 22 മുൻഗണനാ മേഖലകളിലെ

വ്യവസായ സംരംഭങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എസ്.ജി.എസ്.ടി. തിരികെ നൽകുന്നതുൾപ്പെടെയുള്ള പ്രോത്സാഹന ഘടന രൂപകൽപ്പന ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എം.എസ്.എം.ഇ.കളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമും പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ നിലനിൽപ്പിന് എം.എസ്.എം.ഇ. സുസ്ഥിരത പദ്ധതിയും ആവിഷ്കരിക്കുകയും മേക്ക് ഇൻ കേരള പദ്ധതിക്ക് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പന്നങ്ങൾക്ക് കേരള ബ്രാൻഡിംഗ് നൽകുന്നതിനും മാർക്കറ്റിംഗ് മെച്ചപ്പെടുത്തുന്നതിനും പിന്തുണ നൽകുന്നതാണ്. രാജ്യത്താദ്യമായി ഇ-വാഹനനയം രൂപീകരിച്ചിട്ടുണ്ടെന്നും ലിഥിയം ടൈറ്റനേറ്റ് ബാറ്ററി തദ്ദേശീയമായി വികസിപ്പിച്ചിട്ടുണ്ടെന്നും പ്രതിരോധ സേനയ്ക്കാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്ന ഡിഫൻസ് പാർക്ക്, സഫ്രാൻ ഇലക്ട്രോണിക്സ് ആൻഡ് ഡിഫൻസ് കമ്പനി എന്നിവ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഡി-സ്പേസ് ടെക്നോളജീസിന്റെ സെന്റർ ഓഫ് എക്സലൻസ് ഉടൻ ആരംഭിക്കുന്നതും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും സഹകരണ വ്യവസായ പാർക്കുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും കാഞ്ഞങ്ങാട് വ്യവസായ പാർക്ക് എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്നതുമാണ്.

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് 1700 ഏക്കർ ഭൂമിയേറ്റെടുക്കുകയും ഗിഫ്റ്റ് സിറ്റിക്കായി അയ്യമ്പുഴയിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നുവരികയുമാണ്. കയർമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ചെന്നും ചെറുകിട ഉൽപ്പാദകർക്ക് പ്രവർത്തന മൂലധനം അനുവദിക്കുമെന്നും കശുവണ്ടി മേഖലയിൽ പ്രഖ്യാപിച്ച പുതിയ പാക്കേജുകൾ വലിയ മാറ്റംകൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*33) <u>സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരമുള്ള പെൻഷൻ വിതരണം</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരം പെൻഷൻ വിതരണം കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ടെന്നും 2016 ജൂലൈ മുതൽ 2023 ഏപ്രിൽ വരെ 2,53,88,74,57,975/- രൂപ 3036707 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആരോഗ്യപരിരക്ഷ, വയോജന സംരക്ഷണം എന്നിവയിൽ ഇടപെടൽ നടത്തുന്ന ആശുപത്രി സഹകരണ സംഘങ്ങൾക്ക് 'പലവക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം' പദ്ധതി പ്രകാരം ധനസഹായം

അനുവദിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. സഹകരണ ആശുപത്രികളിലൂടെ മിതമായ നിരക്കിൽ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നുണ്ടെന്നും സഹകരണ മേഖലയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിട്ടുണ്ടെന്നും ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും കേരള സഹകരണ ആശുപത്രി ഫെഡറേഷന്റെ നേതൃതല പ്രവർത്തനങ്ങൾ ആശുപത്രികളെ ശക്തിപ്പെടുത്തുമെന്നും മന്ത്രി വ്യക്തമാക്കി. യു.എൽ.സി.സി.എസ് ഫൗണ്ടേഷൻ 'മടിത്തട്ട്' എന്ന പേരിൽ മുതിർന്ന പൗരന്മാർക്കായി പകൽ പരിചരണ കേന്ദ്രവും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ് മുഖേന സഹകരണ സംഘം ജീവനക്കാർക്കും ആശ്രിതർക്കുമായി വിവിധ ധനസഹായ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനം നിലച്ച സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ സഹകരണ സംഘങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിന് 'പുനർജനി' പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും 'സഹകരണം സൗഹൃദം' പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാർക്ക് വായ്പ വിതരണം ചെയ്യുന്നുണ്ടെന്നും മൾട്ടി സ്റ്റേറ്റ് സഹകരണ ഭേദഗതി

നിയമപരമായി നേരിടുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*34) <u>സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കണമെന്ന കേന്ദ്ര നിർദ്ദേശം</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, സ്മാർട്ട് മീറ്റർ പദ്ധതിക്കും ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തി 10,475.03 കോടി രൂപയുടെ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിനായി 2,606.24 കോടി രൂപ ഗ്രാന്റായി ലഭിക്കുമെന്നും സഭയെ അറിയിച്ചു. 13126.53 കോടി രൂപയുടെ വിതരണ-ഉപപ്രസരണ നവീകരണ പ്രവൃത്തികൾക്കും വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കുമുള്ള അധിക പദ്ധതികൾ കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജനങ്ങൾക്കും വൈദ്യുതി ബോർഡിനും ഒരുപോലെ ഗുണകരമായതിനാൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കണമെന്നതാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ നിലപാടെന്നും സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള ഉപഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുമെന്നും ടോട്ടക്സ് (TOTEX) മാതൃകയിൽ സ്മാർട്ട്

മീറ്ററുകളാക്കണമെന്ന കേന്ദ്ര നിർദ്ദേശത്തിനെതിരെ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9 (*35) <u>സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽ നിന്നും ലഭ്യമാക്കേണ്ട നികുതി വിഹിതം, റവന്യൂ കമ്മി ഗ്രാന്റ് എന്നിവ കുറച്ചതും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തിയതും സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയെന്ന് സഭയെ അറിയിച്ചു. കേന്ദ്ര നയങ്ങൾമൂലമുള്ള വിഭവ ദൗർലഭ്യം നേരിടുന്നതിനായി കടമെടുപ്പ് പരിധി ഒരു ശതമാനം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കണമെന്ന നയത്തിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും വികസന/ക്ഷേമ പ്രവർത്തനങ്ങൾക്ക് ഭംഗമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ടെന്നും തനത് നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പുതിയ വ്യവസായ/നിക്ഷേപക സംരംഭങ്ങളും

തൊഴിലവസരങ്ങളും സൃഷ്ടിച്ച് ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.